മിസ്റ്റർ എം. ഒ. തോമക്കുട്ടി: 8,000 കൊല്ലമേ ആയിട്ടുള്ളു എന്നാണു് എന്റെ അറിവു്. അന്നുമുതൽ ഇന്നുവരെ ജീവിച്ചുവന്ന ഒരു ജീവിതരീതിക്കു വിപരീതമായ ഒരു ജീവിതരീതി ജനങ്ങളെക്കൊണ്ടു സ്വീകരിപ്പിക്കാനാണൊ ഈ പദ്ധതി കൊണ്ടുവന്നിരിക്കുന്നതു"?

Mr. President: Anyway, that question does not arise here, I mean the creation of the world. (Laughter)

റാവു ബഹദൂർ ടി. കെ. നായർ: മദ്യവർജ്ജനം എന്നതിനെ സംബന്ധിച്ചും അതിന്റെ തത്വങ്ങളെക്കുറിച്ചും മറ്റും ഇവിടെ ഈ ചോദ്യോത്തരസമയത്തു മറുപടി പറയാൻ വിഷമമാണു്. Information വല്ലതും വേണമെങ്കിൽ തരാം. അതായതു കുടിക്കുന്ന ആളുകളെ അതിൽനിന്നും വിരമിപ്പിക്കാനാണു പ്രധാനോദ്ദേശം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അങ്ങിനെയുള്ള സദാചാരോപദേശങ്ങൾ കൊടുത്തു ആളുകളെ നന്നാക്കാനാണെങ്കിൽ അതിനു പള്ളികളിൽ ആളുകളുണ്ടല്ലൊ.

മിസ്റ്റർ പി. നാരായണമേനോൻ: മദ്യവർജ്ജനം നടപ്പിലാക്കുന്നതുകൊണ്ടു തൊഴിലില്ലാതെ ആകുന്ന ആളുകൾക്കു തൊഴിൽ കൊടുക്കാനുള്ള വല്ല പദ്ധതികളും ഉണ്ടാക്കീട്ടുണ്ടൊ?

റാവു ബഹദൂർ ടി. കെ. നായർ: അതും ആലോചിക്കേണ്ടതാണു്. അതിനെക്കുറിച്ചും ആലോചിക്കുന്നുണ്ടു്.

DYEING SECTION—CHERPU INDUSTRIAL CENTRE

114. മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി നൽകുമോ.—

(എ) ചേർപ്പു് ഇണ്ടസ്ട്രിയൽ സെണ്ടറിലെ ഡൈയിംഗ് സെക്ഷൻ ഇപ്പോൾ നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ചോദ്യത്തിനു മറുപടി തരുന്നതുവരെ [illegible] ആ സെക്ഷനിലെ വരവു, ചിലവു്, സ്റ്റോക്കു് ഇവ എത്ര?

മിസ്റ്റർ സി. ഇ. ഇയ്യുണ്ണി:

(എ) ഉവ്വു്.

(ബി) സ്റ്റോറുമെണ്ടുകളും അനുബന്ധമായി ചേർത്തിരിക്കുന്നു. (Please see Appendix I).

TEMPORARY BRIDGE AT PORINGALKUTHU

115. മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്:

താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി നൽകുമോ.—

(എ) പെരിങ്ങൽകുത്തിൽ പണി ചെയ്തിരിക്കുന്ന ടെമ്പററി ബ്രിഡ്ജിനു് എത്ര ഉപ്പിക ചിലവായി;

(ബി) ആ പാലം എത്രകാലം നിലനിൽക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു പണിയിച്ചിരിക്കുന്നതു"?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ:

(എ) [illegible] ഉപ.

(ബി) ഉദ്ദേശം അഞ്ചു കൊല്ലം.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്: ഈ പണിക്കു എസ്റ്റിമേറുണ്ടോ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: ഡിപ്പാർട്ടുമെണ്ടിൽനിന്നും ചെയ്തതാണു്.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്: ആരാണു് സൂപ്പർവിഷൻ ചെയ്തതു"?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: ഡിപ്പാർട്ടുമെണ്ടു നേരിട്ടു പണി നടത്തുമ്പോൾ സൂപ്പർവിഷൻ നടത്തുന്നതാരാണൊ ആ ആൾതന്നെ പതിവനുസരിച്ചു ഈ പണിയും നോക്കിക്കാണും.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സു്: ഫാറസ്റ്റു് ഡിപ്പാർട്ടുമെണ്ടിൽനിന്നു മരം കൊടുത്തിരുന്നില്ലെ?

LIBRARY ARCHIVES Kerala Legislative Assembly

റാവു സാഹിബ്ബ് കെ. അയ്യപ്പൻ : ആ സ്ഥലത്തുനിന്നു വെട്ടിയ മരം എടുത്തിരുന്നു.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : അതിന്റെ വില ആകത്തുകയിൽനിന്നു കുറച്ചിട്ടുണ്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അതന്വേഷിച്ചു പറയാം.

മിസ്റ്റർ പി. കെ. പോറ്റി: ആ മരത്തിന്റെ വില ഒഴിച്ചുള്ള തുകയല്ലെ ഇതിൽ കാണിച്ചിരിക്കുന്നതു്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: പാലം പണിക്കു ആകെ ഇത്രയും രൂപ ആയിട്ടുണ്ടെന്നു പറഞ്ഞു. ഇതിൽനിന്നു മരത്തിന്റെ വില കുറച്ചിട്ടുണ്ടോ എന്നുംമറ്റും അറിവില്ല. അന്വേഷിച്ചു പറയാം.

മിസ്റ്റർ കെ. എ. രാഘവൻ: ബഹുമാനപ്പെട്ട മന്ത്രി ഈ പാലം വല്ലപ്പോഴും സന്ദർശിച്ചിട്ടുണ്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ : പാലം പണിതതു ഞാൻ കണ്ടിട്ടില്ല. പാലം പണിയുന്നതിനുമുമ്പു ഞാൻ ആ സ്ഥലത്തു പോയിരുന്നു.

മിസ്റ്റർ കെ. എ. രാഘവൻ: ഇപ്പോൾ ഈ പാലത്തിന്റെ പണി തൃപ്തികരമായെന്നു തോന്നുന്നുണ്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: തൃപ്തികരമാണെന്നാണു അറിവു്. എന്നാൽ രണ്ടുമൂന്നു ദിവസത്തിനുമുമ്പു് മലവെള്ളംകൊണ്ടു പാലത്തിന്റെ ഒരു തൂണിനു എന്തൊ കേടു വന്നിട്ടുണ്ടെന്നു കേട്ടു.

മിസ്റ്റർ പി നാരായണമേനോൻ : ഈ പാലത്തിന്റെ പണിക്കു എത്ര ക്യൂബിക്കു് അടി മരം ചിലവായിട്ടുണ്ടു്.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: നോട്ടീസ്സു വേണം.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : പാലത്തിന്റെ പണിക്കുള്ള മരം അറുത്തിട്ടാണൊ ഉപയോഗിച്ചതു്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഇവിടെ ചോദിക്കാമെന്നുദ്ദേശിക്കാവുന്ന ഉപചോദ്യങ്ങൾക്കുള്ള വിവരങ്ങളൊക്കെ ശേഖരിച്ചിട്ടുണ്ടു്. അതിൽകവിഞ്ഞു വരുന്ന ചോദ്യങ്ങൾക്കൊക്കെ നോട്ടീസ്സു വേണം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ഈ പാലം ഉദ്ദേശം ൪ കൊല്ലം നില്ക്കുമെന്നു പാലത്തിന്റെ ബലം നോക്കി പറയുന്നതോ അതൊ, പെരിങ്ങൽക്കുത്തു സ്കീം ൪ കൊല്ലംകൊണ്ടേ പൂർത്തിയാകയുള്ളു, അതുകൊണ്ടു അതുവരെ നില്ക്കുമെന്നുള്ള പ്രതീക്ഷകൊണ്ടു പറയുന്നതൊ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ആ പാലം എത്രകൊല്ലം നില്ക്കുമെന്നു ഡിപ്പാർട്ടുമെണ്ടിനോടു ചോദിച്ചപ്പോൾ ൪ കൊല്ലം നില്ക്കുമെന്നാണു പറഞ്ഞതു്.

മിസ്റ്റർ കെ. എ. രാഘവൻ: ഒരു ചെറിയ മലവെള്ളം വന്നപ്പോൾ ഒരു തൂണിനു കേടുണ്ടായിട്ടുണ്ടെന്നു പറഞ്ഞു. ആ സ്ഥിതിക്കു ഈ പാലം ൪ കൊല്ലം നില്ക്കുമൊ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ : ഇപ്പോൾ ഇങ്ങിനെ ചെറിയൊരു കേടുവന്നുവെന്നല്ലാതെ അതുകൊണ്ടു പാലത്തിനു തകരാറൊന്നും ഇല്ല.

മിസ്റ്റർ കെ. എ. രാഘവൻ: രണ്ടു തൂണുകൾ മുഴുവനും കേടുവന്നുപോയിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി ഇപ്പോഴെങ്കിലും ധരിക്കുമോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: കേടുവന്നിട്ടുണ്ടെന്നുള്ളതു ശരിയാണെങ്കിൽ ധരിക്കാം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: പാലം പണിതപ്പോൾ അതു ഇത്രകാലത്തേക്കു നില്ക്കണമെന്നു നിർദ്ദേശം കൊടുത്തിരുന്നൊ? അതൊ, സാധാരണപോലെ ഒരു പാലം പണിയണം എന്ന നിർദ്ദേശം മാത്രമൊ കൊടുത്തിരുന്നതു്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഇതു ഒരു ടെമ്പററി ബ്രിഡ്ജാണു്.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : ഇനി പെർമിനൻറ് ബ്രിഡ്ജു് പണിയാൻ പോകുന്നുണ്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഉവ്വു് എന്നാണോർമ്മ.

LIBRARY ARCHIVES Kerala Legislative Assembly